# ജമാഅത്തെ ഇസ്‌ലാമി പുകഴ്ത്തിപ്പാടുന്ന ശിയാഭൂമികയിലൂടെ

കബീർ എം. പറളി

ഇറാനിനോടും ഇറാനിൻെറ അടിസ്ഥാന ആദർശത്തോടും അസൂയാർഹമായ കൂറാണ് ജമാഅത്തെ ഇസ്‌ലാമി എന്ന രാഷ്ട്രീയ കക്ഷിക്ക്. ശീഈ ആദർശത്തെ ആരെതിർത്താലും അത് സമൂഹത്തിൽ ഭിന്നതയുണ്ടാക്കലായിട്ടാണ് അവർ 'പ്രബോധനം' നടത്താറ്. അതിനെ സാമ്രാജ്യത്വത്തിന് കഞ്ഞിവെക്കലായി വിലയിരുത്തും. കേരളീയ മുസ്‌ലിംകൾക്കിടയിൽ അത് ഉണ്ടാക്കാവുന്ന 'അപരിഹാര്യമായ വിപത്തു'കളെപ്പറ്റി പോസ്റ്ററൊട്ടിക്കും. മൗദൂദി സാഹിബിൻെറ വീക്ഷണങ്ങളെ അദ്ദേഹം പോലും നിനച്ചിട്ടില്ലാത്തവിധം ദുർവ്യാഖ്യാനക്കസർത്തു നടത്താറുള്ള സീനിയർ നേതാവ് മുഖാമുഖങ്ങൾ സംഘടിപ്പിച്ച് പ്രതിയോഗികളെ അടിച്ചിരുത്താൻ അഭ്യാസങ്ങൾ കാട്ടും. തങ്ങളല്ലാത്തവരെല്ലാം പരസ്പരം അധിക്ഷേപിക്കുന്നവരാണ് എന്ന് പ്രലപിക്കാറുള്ള ഒരു സംഘടന, ഇറാനിനെയും ഖുമൈനിയേയും തൊട്ടാൽ സകലരേയും അധിക്ഷേപിക്കാനൊരുങ്ങുന്നത് അതിൻെറ ജന്മഗുണം കൊണ്ടാകാം.

ജമാഅത്തുകാർ ഇത്രമാത്രം പുകഴ്ത്തിപ്പാടുന്ന ശീഈ വിശ്വാസത്തിൻെറ അടിസ്ഥാനങ്ങളിലേക്ക് അവരുടെ അവലംബ കൃതികളിലൂടെ ഒരു ഹ്രസ്വയാത്ര നടത്തുകയാണ് ഇവിടെ. തീർത്തും മറ്റൊരു മതത്തിൻെറ കെട്ടും മട്ടും തോന്നിപ്പിക്കുന്ന ശീഇസം എന്താണെന്ന് അറിഞ്ഞാൽ ഒരുപക്ഷെ, നമ്മുടെ മുസ്‌ലിം 'ബ്രദറു'മാരുടെ അവരോടുള്ള കൂറിൽ നമുക്ക് അത്ഭുതം തോന്നിയേക്കും.

## അലി ബ്ൻ അബീത്വാലിബ് (റ)

ഇസ്‌ലാമിൻെറ നാലാം ഖലീഫയാണ് അലി ബ്ൻ അബീത്വാലിബ് (റ). നുബുവ്വത്തിൻെറ ആദ്യനാളുകളിൽ തന്നെ പ്രവാചകനിൽ വിശ്വാസം കൊണ്ട മഹാനാണ് അദ്ദേഹം. പ്രവാചകൻെറ പരിഗണനക്കും പ്രാർത്ഥനകൾക്കും വിധേയനായ അലി(റ), മുസ്‌ലിം ഉമ്മത്തിന് ആദർശസ്നേഹത്തിനും, ത്യാഗ സന്നദ്ധതക്കുമുള്ള മകുടോദാഹരണമാണ്. വിശ്വാസീ ലോകം ആ മഹാനുഭാവൻെറ പേരുകേൾക്കുന്ന മാത്രയിൽ 'അവരിൽ അല്ലാഹുവിൻെറ സമ്പൂർണ്ണ തൃപ്തിയുണ്ടാകട്ടെ' എന്നു പ്രാർത്ഥിക്കുന്നതാണ്. പ്രവാചക സ്വഹാബികളിൽ പ്രമുഖൻ, ഖുലഫാഉർറാഷിദുകളിൽ നാലാമൻ, സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്തുപേരിൽ ഒരാൾ എന്നിങ്ങനെയാണ് മഹാനായ അലി(റ)യെപ്പറ്റി അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് വിശ്വസിക്കുന്നത്. എന്നാൽ അഹ്‌ലുൽ ബൈത്തിൻെറ കുത്തകയവകാശപ്പെടുന്ന ശിയാക്കൾ അദ്ദേഹത്തെപ്പറ്റി വിശ്വസിക്കുന്നത് കാണുക:

"അല്ലാഹു അവൻെറ വഹ്ദാനിയ്യത്തിൽ ഏകനായിരുന്നു. പിന്നെയവൻ മുഹമ്മദിനേയും അലിയേയും ഫാത്വിമയേയും സൃഷ്ടിച്ചു. ആയിരം വർഷം അവരങ്ങനെ ജീവിച്ചു. പിന്നെ സകലമാന വസ്തുക്കളേയും അവരുടെ കൺമുന്നിൽ വെച്ച് അവൻ സൃഷ്ടിച്ചു. അവരെ അനുസരിക്കേണ്ട ബാധ്യത അവ യുടെ മേൽ നിർബന്ധമാക്കുകയും അവയുടെ കാര്യങ്ങൾ നോക്കാനുള്ള അധികാരം അവരെ ഏൽപ്പിക്കുകയും ചെയ്തു. അവർക്കിഷ്ടമുള്ളത് അവർക്ക് ഹലാലാക്കാം. അവർക്കിഷ്ടമുള്ളത് ഹറാമാക്കുകയും ചെയ്യാം. (കുലൈനിയുടെ അൽ കാഫി, 1/441)

"അലിയ്യുമായി അദ്ദേഹത്തിൻെറ റബ്ബ് ത്വാഇഫിൽ വെച്ച് സംഭാഷണം നടത്തുകയുണ്ടായി, അദ്ദേഹത്തിന് അല്ലാഹു വഹ്യ് നൽകാറുണ്ടായിരുന്നു." (മുഹമ്മദ് ഹസൻ അസ്സഫാറിൻെറ ബസ്വാഇറുദ്ദറജാത്ത്, 8/431)

## ഇസ്നാ അശരിയ്യ

ശീഈകളിൽ അവാന്തര കക്ഷികൾ ഒരുപാടുണ്ട്. അതിലെ ഏറ്റവും പ്രമുഖ വിഭാഗമാണ് ഇന്ന് ഇറാൻ ഭരിച്ചു കൊണ്ടിരിക്കുന്ന 'ഇസ്നാ അശരി'കൾ. അലി (റ) മുതൽ ഇനിയും പിറന്ന് മണ്ണുകണ്ടില്ലാത്ത മുഹമ്മദ് അൽ അസ്കരി വരെയുള്ള പന്ത്രണ്ടു പേരുടെ ഇമാമിയ്യത്ത് അടിസ്ഥാനവിശ്വാസമായി സ്വീകരിച്ച ഇവർ, ആ വിശ്വാസത്തിൻെറ പോരിശയെപ്പറ്റിയും അപ്രമാദിത്വത്തെപ്പറ്റിയും എഴുതുന്നതു കാണുക:

"സ്തുത്യർഹമായ സ്ഥാനം, ഉന്നതമായ പദവി, പ്രാപഞ്ചിക ഖിലാഫത്ത് തുടങ്ങിയവ ഇമാമിനുള്ളതാണ്. ഈ പ്രപഞ്ചത്തിൻെറ ഓരോ അണുവും അവ രുടെ ഖിലാഫത്തിൻെറ ആധിപത്യത്തിന് കീഴൊതുങ്ങുന്നുണ്ട്. ഒരൊറ്റ മലക്കിനും നബിക്കും മുർസലിനും പ്രാപിക്കാനാകാത്ത പദവി നമ്മുടെ ഇമാമു കൾക്കാണ് ഉള്ളത്. ഇത് നമ്മുടെ മദ്ഹബിൻെറ കണിശമായ വിശ്വാസ മാണ്. (ഖുമൈനിയുടെ അൽഹുകൂമത്തുൽ ഇസ്ലാമിയ്യ, 52)

"നാം വിശ്വസിക്കുന്ന പന്ത്രണ്ട് ഇമാമുകളിൽ ഏതെങ്കിലും ഒരാളുടെ ഇമാമത്തിനെ നിഷേധിക്കുകയോ, അദ്ദേഹത്തെ നിർബന്ധമായും അനുസരിക്കണം എന്ന ദൈവവിധിയെ തള്ളിക്കളയുകയൊ ചെയ്യുന്നവൻ കാഫിറും, വഴിപിഴ ച്ചവനും, നരകത്തിൽ ശാശ്വതമായി കഴിയുന്നവനും ആണ്. ഇത് ഇമാമിയ്യ വിശ്വാസക്കാരായ പണ്ഡിതൻമാർ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. (മുഹമ്മദ് അൽ അക്ബരിയുടെ അൽ മസാഇൽ, 85)

## വിശുദ്ധ ഖുർആൻ

വിശുദ്ധ ഖുർആനിൻെറ പ്രാമാണികതയെ സംശയത്തോടെ വീക്ഷിക്കുകയും അത് പച്ചയായി പ്രഖ്യാപിക്കുകയും ചെയ്തവർ ഖുമൈനീപ്രഭൃതികളാണ്. ലോകാവസാനംവരെയുള്ള മനുഷ്യകുലത്തിന് സ്വർഗത്തിലേക്ക് വഴികാട്ടാനായി, അല്ലാഹു അന്തിമ പ്രവാചകനിലൂടെ അവതരിപ്പിക്കുകയും, അവൻെറ തന്നെ സുരക്ഷിതത്തിൽ, കൂട്ടിച്ചേർക്കലുകൾക്കും കൊഴിഞ്ഞു പോക്കിനും വിധേയമാകാതെ, നിലകൊള്ളുകയും ചെയ്യുന്ന വിശുദ്ധ ഖുർആനിനെ ശീഈ കൾ വിലയിരുത്തുന്നത് മനസിലാക്കേണ്ടതു തന്നെയാണ്.

ശിയാക്കൾ തങ്ങളുടെ ആധികാരിക പ്രമാണമായി സ്വീകരിക്കുന്ന ഒരു ഗ്രന്ഥമാണ് കുലൈനിയുടെ 'അൽ കാഫീ'. മുസ്ലിംകൾക്കിടയിൽ വിശ്രുത ഹദീസ് ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനമാണ് ഈ ഗ്രന്ഥത്തിന് ശിയാക്കളിലുള്ള സ്ഥാനം. പ്രസ്തുത ഗ്രന്ഥത്തിലെ ഒരു 'ഹദീസ്' വായിച്ചു നോക്കുക:

"ജാബിർ ജുഅ്ഫിയിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നത്: അബൂജഅ്ഫർ (അ) പറയുന്നത് ഞാൻ കേട്ടു: "ഖുർആൻ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ മുഴുവ നും ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വാദിക്കുന്നവൻ പെരുകള്ളനാണ്. അതിനെ പൂർണ്ണമായും ക്രോഡീകരിച്ചിട്ടുള്ളതും സുരക്ഷിതമായി സൂക്ഷിച്ചു വെച്ചിട്ടുള്ളതും അലിയ്യും അദ്ദേഹത്തിനു ശേഷം മറ്റു ഇമാമുകളുമാണ്." (കുലൈനിയുടെ അൽകാഫീ, 54)

അബൂജഅ്ഫറിൻെറ (അഥവാ മുഹമ്മദ് ബാഖിർ) പേരിൽ കളവു പറഞ്ഞ ഈ ശീഈ പാതിരി, ആ മഹാൻെറ മകൻെറ പേരിലും കളവു പറയുന്നതു കാണുക:

അബൂബസ്വീറിൽ നിന്നും ഉദ്ധരിക്കുന്നത്. അദ്ദേഹം പറഞ്ഞു: ഞാൻ അബൂ അബ്ദില്ല(ജഅ്ഫർ സാദിഖ്)യുടെ അടുത്തു ചെന്നു. അദ്ദേഹം പറഞ്ഞു: "നമ്മുടെ കൈവശം

ഫാത്വിമ (അ) മുസ്ഹഫ് നിലവിലുണ്ട്. അതിൽ നിങ്ങളു ടെ ഈ ഖുർആനിലുള്ളതിനേക്കാൾ മൂന്നിരട്ടി ആയത്തുകളുണ്ട്. അല്ലാഹു സത്യം, നിങ്ങളുടെ ഖുർആനിൽ നിന്നും ഒരു ഹർഫ് പോലും അതിലില്ല." (കുലൈനിയുടെ അൽ കാഫി, 57)

## പ്രവാചക തിരുമേനി

സൃഷ്ടി ശ്രേഷ്ഠനായ നബിതിരുമേനി(സ്വ)യെ സംബന്ധിച്ച് അപവാദങ്ങൾ പ്രചരിപ്പി ക്കുന്നവർ, ഇസ്ലാമിൻെറ ശത്രുക്കളിൽ നിന്ന് എമ്പാടുമുണ്ടായിട്ടുണ്ട്. എന്നാൽ പ്രവാച കനെ ഇകഴ്ത്തിപ്പറഞ്ഞ 'നബിസ്നേഹി'കൾ ദുനിയാവിൽ ഒരു വിഭാഗം മാത്രമേ ഉള്ളൂ. അവരാണ് ശിയാക്കൾ. സംശയം തീരാൻ ശീഈ പാതിരിയുടെ പരാമർശം വായിക്കുക:

അൽമജ്ലിസി ഉദ്ധരിക്കുന്നു: "ഫാത്വിമയെ ചുംബിക്കാതെയും അവരുടെ മുലകൾക്കിടയിൽ മുഖം വെക്കാതെയും പ്രവാചകൻ ഉറങ്ങാറേയില്ല." (മുല്ലാ ബാഖിർ അൽ മജ്ലിസിയുടെ ബി ഹാറുൽ അൻവാർ, 43,)

നജ്ഫിലെ ഹൂസ പണ്ഡിതൻമാരിൽ പ്രമുഖനായ സയ്യിദ് അലി ഗർവി പറയുന്നു: "പ്രവാച കൻെറ ലൈംഗികാവയവം, അദ്ദേഹം ചില മുശ്രിക്കുക ളായ സ്ത്രീകളു(ആയിശ(റ)യേയും ഹഫ്സ(റ)യേയും ഉദ്ദേശം)മായി ലൈംഗികബന്ധത്തിലേർപ്പെട്ടതിനാൽ നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും." (ഹുസൈൻ മൂസവിയുടെ 'ലില്ലാഹി സുമ്മ ലിത്താരീഖ്', നി അ്മത്തുല്ല അൽ ജസാഇരിയുടെ അൽ അൻവാറുന്നഅ്മാനിയ്യ, 21)

## സ്വഹാബികൾ

അല്ലാഹുവും അവൻെറ റസൂലും തൃപ്തിപ്പെട്ട സച്ചരിതരും സദ്ഗുണ സമ്പന്നരുമാണ് സഹാബികൾ. അവരെ ആക്ഷേപിക്കുന്ന ഒരു പദം പോലും നമ്മുടെ വർത്തമാനങ്ങളിലുണ്ടാ കരുതെന്നത് പ്രവാചക തിരുമേനിയുടെ നിർദ്ദേശമാണ്. ആ നിർദ്ദേശത്തെ അപ്പടി പാലി ക്കുന്നവരും സ്വഹാബത്തിനെതിരെ അപവാദങ്ങളുയർത്തുന്നവരോട് സന്ധിയില്ലാസമരം നടത്തുന്നവരുമാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ പണ്ഡിതൻമാർ. എന്നാൽ ജൂത സൃഷ്ടിയായ ശീഈസം വിശുദ്ധരായ സ്വഹാബത്തിനെ സംബന്ധിച്ച് ലോകത്തിനു നൽകുന്ന ചിത്രം എത്രയോ വികൃതമാണ്. ഖുമൈനിയിൽ നിന്നും വായിച്ചു തുടങ്ങുക:

'ഇമാമ'ത്തു പ്രശ്നം ഖുർആനിൽ സ്ഥിരപ്പെട്ടു വന്നതാണ്. എങ്കിലും, ഇസ്ലാമിനേയും ഖുർആനിനേയും ലൗകികകാര്യസാധ്യത്തിനും നേതൃത്വ ലബ്ധതക്കും വേണ്ടി മാത്രം പരിഗണിച്ചി രുന്ന (അബൂബക്കറും ഉമറും) ഖുർആനിൽ നിന്ന് അവരുടെ ലക്ഷ്യ സാക്ഷാത്കാരത്തിനു പറ്റുന്നത് സ്വീകരിക്കുകയും മറ്റുള്ള ആയത്തുകളെ അതിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുക യായിരുന്നു. യഥാർത്ഥ ഖുർആനിനെ ലോകദൃഷ്ടിയിൽ നിന്നും എന്നെന്നേക്കുമായി നി ഷ്കാഷിതമാക്കുകയായിരുന്നു അവർ." (ഖുമൈനിയുടെ കശ്ഫുൽ അസ്റാർ, പേജ് 131)

ഖുറാഫികൾക്കിടയിൽ അറിയപ്പെടുന്ന 'ദലാഇലുൽ ഖൈറാത്ത്' എന്ന വിർദ് പുസ്തകം പോലെ ശീഇകൾക്കിടയിൽ പ്രസിദ്ധമായ ഒന്നാണ് 'മിഫ്താഹുൽ ജിനാൻ' എന്ന ഇരവ് പുസ്തകം. അതിലെ പ്രാർത്ഥനാ വചനങ്ങൾ ശ്രദ്ധിക്കുക:

"അല്ലാഹുവേ, മുഹമ്മദിനും കുടുംബത്തിനും നീ അനുഗ്രഹങ്ങൾ നൽകേണമെ, ഖുറൈശി കളുടെ രണ്ടു ബിംബങ്ങളായ, രണ്ട് ജിബ്തുകളും ത്വാഗൂ ത്തുകളുമായ (അബൂബക്കറി നേയും ഉമറിനേയും) അവരുടെ രണ്ടു പെൺമ ക്കളായ (ആയിഷയേയും, ഹഫ്സയേയും) നീ ശപിക്കേണമേ..." (മിഫ്താഹുൽ ജിനാൻ, പേജ് 21)

ശീഈ പാതിരിയായ മുഹമ്മദുൽ അക്ബരി പറയുന്നു: "ഖുർആനിൻെറ രചനയിൽ അധിക കാര്യങ്ങളിലും വഴിപിഴച്ച ഇമാമുകളായ അബൂബക്കറും ഉമറും ഉസ്മാനും അഭിപ്രായ ഭി

ന്നതയിലായിട്ടുണ്ട് എന്നത് നമ്മുടെ പണ്ഡിതൻമാർ ഏകോപിച്ച കാര്യമാണ്." (അവാഇലുൽ മഖാലാത്ത്..., പേജ് 52)

അൽ ആമിലി പറയുന്നു: "ഇവരോടും (സ്വഹാബികളോട്) ഇവരെ സ്നേഹിക്കുന്നവരോടുമുള്ള പകയും വിദ്വേഷവും വസീലയാക്കി ഞങ്ങൾ അല്ലാഹുവിൻെറ സാമീപ്യം തേടുന്നവരാണ്. (മുഹമ്മദ് അൽ ആമിലിയുടെ വുസുലുൽ അഖ്യാർ ഇലാ ഉസൂലിൽ അഖ്ബാർ, പേജ് 164)

കുലൈനി പറയുന്നു: "ഇമാം ബാഖിർ പറഞ്ഞിട്ടുണ്ട്: പ്രവാചകനു ശേഷം മിഖ്ദാദ് ബ്നുൽ അസ്‌വദ്, അബൂദറുൽ ഗിഫാരി, സൽമാനുൽ ഫാരിസി എന്നീ മൂന്നു പേരൊഴികെ ബാക്കി എല്ലാവരും മുർത്തദ്ദു(ഇസ്ലാമിൽ നിന്നു പുറത്തു പോയവർ)കളായിത്തീർന്നു." (കുലൈനിയുടെ കിതാബുൽ കാഫി, 8/246)

## അഹ്ലുസ്സുന്നഃ വൽ ജമാഅഃ

പ്രവാക തിരുമേനി(സ)യുടെ സുന്നത്തും അത് ഉൾക്കൊള്ളുന്നതിൽ കൃത്യത പാലിച്ച സച്ചരിതരായ സ്വഹാബത്തിൻെറ മൻഹജും വിശ്വാസ കർമ്മ രംഗങ്ങളിൽ അതീവ പരിഗണന നൽകുന്നവരാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ പണ്ഡിതൻമാർ. ബഹുഭൂരിഭാഗം വരുന്ന സ്വഹാബത്തിനേയും മുസ്ലിമുകളായിപ്പോലും അംഗീകരിക്കാത്ത ശീഇകൾ അഹ്ലുസ്സു ന്നത്തിനോട് ശത്രുതയും, പകയും കാട്ടുക സ്വാഭാവികമാണ്. അഹ്ലുൽ ബൈത്തിനോടാണ് തങ്ങളുടെ കൂറ് എന്ന് പ്രഖ്യാപിക്കുന്ന ശീഇകളുടെ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിനെപ്പറ്റിയുള്ള വീക്ഷണം വായിച്ചു നോക്കുക:

നിഅ്മത്തുല്ല അൽ ജസാഇരി, അഹ്ലുസ്സുന്നത്തി വൽ ജമാഅയെപ്പറ്റി പറയുന്നു: "അവരുടെ ഇലാഹ്, നബി, ഇമാം എന്നിവരുടെ കാര്യത്തിൽ നമ്മൾ ഒരിക്കലും അവരോട് യോജിക്കുകയില്ല. എന്തു കൊണ്ടെന്നാൽ തനിക്കുശേഷം അബൂബക്കറിനെ ഖലീഫയായി നിശ്ചയിച്ച മുഹമ്മദിൻെറ റബ്ബാണ് അവരുടെ റബ്ബ് എന്നാണ് അവർ പറയുന്നത്. ഈ റബ്ബിനെയും ഈ പ്രവാചകനേയും പറ്റി നമുക്ക് പറയാനുള്ളത്, തനിക്കു ശേഷം അബൂബക്കറിനെ ഖലീഫയായി നിശ്ചയിച്ച നബി നമ്മുടെ നബിയല്ല, അദ്ദേഹത്തിൻെറ റബ്ബ് നമ്മുടെ റബ്ബുമല്ല." (അൽ അൻവാറുന്നുഅ്മാനിയ്യ, 2/278)

ജസാഇരി തന്നെ പറയുന്നു: : " അവർ (അഹ്ലുസ്സുന്നത്തിൻെറ ആളുകൾ) കാഫിറുകളും, നജസുകളുമാണെന്ന് ശീഅത്തുൽ ഇമാമിയ്യയുടെ പണ്ഡിതൻമാർ ഏകോപിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ജൂത ക്രൈസ്തവരേക്കാൾ നികൃഷ്ടരാണ്." (അൽ അൻവാറുന്നുഅ്മാനിയ്യ, 2/206, 207)

അൽ ആമിലി പറയുന്നു: "അഹ്ലുസ്സുന്നയുടെ രക്തം ചിന്തൽ ഹലാലാണ്. എന്നാൽ നിനക്കു വല്ലതും സംഭവിക്കുന്നതിനെ നീ സൂക്ഷിക്കണം. നിനക്കെതിരെ ഒരു സാക്ഷിയും ഇല്ലാത്തവിധം മതിൽ മറിച്ചിട്ടൊ, വെള്ളത്തിൽ മുക്കിയൊ കൊല്ലാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യുന്നതാണ് നല്ലത്." (അൽ ആമിലിയുടെ വസാഇലു ശ്ശീഅ, 18/463)

## കഅബ ശരീഫ്

ഭൂമുഖത്ത് അല്ലാഹുവിനെ ആരാധിക്കാൻ ആദ്യമായ പടുത്തുയർത്തപ്പെട്ട വിശുദ്ധ ഭവനമാണ് കഅബ ശരീഫ്. അതിൻെറ ചുറ്റുഭാഗവും അല്ലാഹുവിനാൽ വിശുദ്ധമാക്കപ്പെട്ടിരിക്കുന്നു. നിർഭയത്വത്തിൻെറ കേന്ദ്രമാണത്. അല്ലാഹുവും പ്രവാചക തിരുമേനി(സ്വ)യും ഹറമിൻെറ പവിത്രതയെ സംബന്ധിച്ച് ഏറെ പറഞ്ഞിട്ടുണ്ട്. എന്നാൽ ശീഇകളുടെ വി

ശ്വാസത്തിൽ കഅബക്ക് കർബല യുടെ നാലയലത്തു പോലും വരാനുള്ള അർഹതയില്ല. അവർ പറയുന്നത് വായിക്കുക:

മജ്‌ലിസി പറയുന്നു: "ജഅ്ഫർ സാദിഖ് പറഞ്ഞിട്ടുണ്ട്: "കഅ്ബ, അതിൻെറ പദവിയിൽ അഭിമാനിക്കുന്നതു കൊണ്ട് ഭൂമിയുടെ വിവിധ ഭാഗങ്ങൾ നീരസത്തിലാണ്. ആകയാൽ അല്ലാഹു വഹ്‌യു മുഖേന കഅ്ബയോടു പറഞ്ഞു, 'മിണ്ടാതിരുന്നോണം, കർബലയേക്കാൾ പദവിയിൽ അഹങ്കരിക്കരുത് നീ." (മുല്ലാ ബാഖിർ അൽ മജ്‌ലിസിയുടെ ഹഖുൽ യഖീൻ)

അബുൽ ഖാസിം ജഅ്ഫറിൻെറ 'കാമിലുസ്‌സിയാറാത്ത്' എന്ന പുസ്തകത്തിൽ ഇങ്ങനെ കാണാം: "അബൂ അബ്ദില്ലയിൽ നിന്നും ഉദ്ധരിക്കുന്നത്. അദ്ദേഹം പറഞ്ഞു: കഅ്ബ പറഞ്ഞു, 'എന്നെപ്പോലെ ആരുണ്ട് ഭൂമിയിൽ?' എൻെറ മുതുകിലാണ് അല്ലാഹു അവൻെറ ഭവനത്തെ പടുത്തിരിക്കുന്നത്. വിദൂരമായ സകല മലമ്പാതകളും താണ്ടി എന്നിലേക്കാണ് മനുഷ്യ സമൂഹം വന്നണയുന്നത്. അല്ലാഹുവിൻെറ വിശുദ്ധ ഭൂമിയായി, നിർഭയസ്ഥാനമായി ഞാനാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.' അപ്പോൾ കഅ്ബക്ക് വഹ്‌യ് നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു: "മതിയാക്ക്, എൻെറ അന്തസ്സും പ്രതാപവും തന്നെ സത്യം, കർബലക്കു ഞാൻ നൽകിയ മഹത്വത്തിനു മുന്നിൽ നിൻെറ മഹത്വം കടലിൽ സൂചിമുന മുക്കിയെടുത്താൽ കിട്ടുന്ന ജലകണികയുടെ അത്രയേയുള്ളൂ. കർബലയുടെ മണ്ണില്ലായിരുന്നുവെങ്കിൽ നിനക്കു ഞാനൊരു മഹത്വവും നൽകില്ല. കർബലാഭൂമിയിൽ ഉൾച്ചേർന്നിരിക്കുന്നവ ഇല്ലായിരുന്നുവെങ്കിൽ നിന്നെയൊ, നീ അഹങ്കരിക്കുന്ന ഭവനത്തേയൊ ഞാൻ സൃഷ്ടിക്കുക പോലുമില്ലായിരുന്നു. അതിനാൽ നീ അടങ്ങിക്കൊ, കർബലയുടെ മുന്നിൽ ഗർവില്ലാതെ, പ്രൗഢികാട്ടാതെ, വിനീതയായി, വിനയാന്വിതയായി നിന്നു കൊള്ളണം. അങ്ങനെയല്ല എങ്കിൽ നിന്നിൽ ഞാൻ കോപം ചൊരിയും, കത്തിജ്ജ്വലിക്കുന്ന നരകത്തീയിലെറിയും." ('കാമിലുസ്‌സിയാറാത്ത്' എന്ന പുസ്തകത്തിന് ആയത്തുല്ല സയ്യിദ് മുഹമ്മദ് ജവാദ് നൽകിയ തർജ്ജമ, പേജ് 811)

## മുത്അ (കൂലിയും കാലാവധിയും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ടുള്ള) വിവാഹം

അല്ലാഹുവിൻെറ റസൂൽ(സ്വ) വ്യക്തമായി നിഷിദ്ധമെന്നു പ്രഖ്യാപിച്ച ജാഹിലീ സമ്പ്രദായമാണ് മുത്അ വിവാഹം. സ്വദേശത്തും, കച്ചവടാവശ്യങ്ങൾക്കൊ, പഠനാവശ്യങ്ങൾക്കൊ സ്വന്തം ദേശംവിട്ട് മറ്റു ദേശത്ത് താമസിക്കേണ്ടിവരുമ്പോൾ അവിടെ വെച്ചും, കൂലിയും കാലാവധിയും നിശ്ചയിച്ച് നടത്താറുള്ള താത്കാലിക വിവാഹമാണ് മുത്അ. ഒരു തരം വ്യഭിചാരമാണത്. ശീഇകൾക്കിടയിൽ നിലനിൽക്കുന്ന ഈ ദുഷിച്ച ആചാരത്തെ സംബന്ധിച്ച് അവരുടെ ഗ്രന്ഥങ്ങളിൽ നിന്നും വായിച്ചാൽ, 'ഇറാൻ, ലോകത്തിലെ എത്ര സുന്ദരമായ ഏക 'ഇസ്‌ലാമിക് റിപ്പബ്ളി'ക്കാണ് തമ്പുരാനെ' എന്ന് പറഞ്ഞ് തലയിൽ കൈ വെച്ചു പോകും.

ഖുമൈനി പറയുന്നതു കാണുക: "ആലിംഗനം ചെയ്തും ചുംബിച്ചും തുടയിൽ വെച്ചും മുലകുടിക്കുന്ന കുട്ടിയെ ലൈംഗികതക്ക് ഉപയോഗിക്കുന്നതിൽ യാതൊരു അപാകതയുമില്ല." (ഖുമൈനിയുടെ തഹ്‌രീറുൽ വസീല, 2/241)

പ്രവാചകൻെറ പേരിൽ പോലും ഈ ദുഷ്ടൻമാർ കെട്ടിപ്പറഞ്ഞിട്ടുണ്ട്. "റസൂൽ (സ്വ) പറഞ്ഞിട്ടുണ്ട്, എൻെറ ഉമ്മത്തിലെ മുത്അ വിവാഹിതർക്ക് പൊറുത്തു കൊടുക്കുമെന്ന് അനുഗ്രഹപൂർണ്ണനായ അല്ലാഹു പറഞ്ഞിരിക്കുന്നു." (മുല്ലാ മുഹമ്മദ് ബാഖിർ അൽ മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, 10/306)

നബി (സ്വ) പറഞ്ഞിട്ടുണ്ട്: "ഒരു പ്രാവശ്യം മുത്അ ചെയ്തവൻ ജബ്ബാറായ റബ്ബിൻെറ കോപത്തിൽ നിന്നും നിർഭയനായി. രണ്ടു പ്രാവശ്യം മുത്അ ചെയ്തവൻ പരലോകത്ത് പുണ്യവാൻമാരോടൊപ്പം ഒരുമിച്ച് കൂട്ടപ്പെടും മൂന്നു പ്രാവശ്യം മുത്അ ചെയ്തവൻ

സ്വർഗത്തിൽ എന്നെ തെരക്കിക്കടക്കും." (അസ്സ്വദൂഖിയുടെ മൻ ലാ യഹ്ദുറുഹുൽ ഫഖീഹ്, 3/366)

ലോകത്തിലെ ഏക ഇസ്ലാമിക രാഷ്ട്രമായി ജമാഅത്തുകാരാൽ പരിചയപ്പെടുത്തപ്പെടുന്ന ഇറാനിലെ പ്രമുഖ മതത്തിൻെറ വിശ്വാസാചാരങ്ങളാണ് അവരുടെ ഗ്രന്ഥങ്ങളിലെ ഉദ്ധരണി കളിലൂടെ നമ്മൾ വായിച്ചത്. ഒരു മുസലിമിനെ സംബന്ധിച്ചിടത്തോളം അചിന്ത്യമായ മേൽസൂചിത വിശ്വാസ ങ്ങളും കർമ്മങ്ങളുമായി ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് എന്തു ബന്ധം എന്നു ചോദിക്കാൻ അതിൻെറ 'ഭാവി'കളും 'അനുഭാവി'കളും ധൈര്യം കാട്ടു ന്നുവെങ്കിൽ നമുക്ക് നൽകാനുള്ള മറുപടി, വർഷങ്ങൾക്കു മുമ്പ് അവരുടെ നേതാവ് ആഹ്വാനം നൽകിയ വാക്കുകളാണ്:

"ഖുമൈനിയുടെ വിപ്ലവം തികച്ചും ഇസ്ലാമിക വിപ്ലവമാണ്. വിപ്ലവത്തിന് നേതൃത്വം നൽകുന്നത് ഇസ്ലാമിക സംഘടനയും അവരിൽ നിന്ന് പരിശീലനം നേടിയ യുവാക്ക ളുമാണ്. അതുകൊണ്ട് മുസ്ലിമുകൾ പൊതുവിലും സംഘടനകൾ പ്രത്യേകിച്ചും ഈ വി പ്ലവത്തെ പിൻതുണക്കുകയും എല്ലാമാർ ഗങ്ങളും ഉപയോഗിച്ച് ഈ വിപ്ലവത്തെ സഹായി ക്കുകയും ചെയ്യേണ്ടതാണ്." (അദ്ദഅ്വ, കെയ്റൊ, 1979 ആഗസ്റ്റ്, ലക്കം 39)

അബുൽ അഅ്ലാ മൗദൂദി ആവിഷ്കരിച്ച 'ഹുകൂമത്തെ ഇലാഹി' എന്ന നൂതനാശയത്തി ൻെറ പൂർത്തീകരണമാണ് ഖുമൈനീവിപ്ലവത്തിലൂടെ ഇറാനിൽ സംഭവിച്ചതെങ്കിൽ അതിൻെറ ഓരോ 'മുട്ടി'ലും 'സാഇ'ലും ജമാഅത്തുകാർക്കും ഉത്തരവാദിത്തമുണ്ടാകണം എന്നർത്ഥം. അതല്ല, പിഴച്ച വിശ്വാസങ്ങളും ആചാരങ്ങളും വെച്ചു പുലർത്തിയ ഖുമൈനിയുടെ നേതൃ ത്വത്തിൽ ഇറാനിൽ നടന്ന 'വിപ്ലവം' എന്ന പദത്തോടു മാത്രമേ അവർക്ക് കൂറുള്ളൂ, അവി ടുത്തെ വിപ്ലവകാരികളോടും അവരുടെ ആദർശത്തോടും കൂറില്ല എന്നാണെങ്കിൽ, വിശുദ്ധ പ്രവാചകൻ പൂർത്തീകരിച്ചുപോയ മഹത്തായ ഇസ്ലാമിന് ബദലെന്നോണം നിലകൊ ള്ളുന്ന ശീഈ വിശ്വാസങ്ങളേയും ആചാരങ്ങളേയും തുറന്നുകാട്ടാൻ അവർ ധൈര്യം കാണി ക്കണം. കേരളത്തിൽ ശീഈകളില്ലല്ലോ എന്ന 'ഞൊട്ടുഞായം' പറയാതെ, കേരള മുസ്ലിം കളുടെ ജീവിതത്തിൽ പടർന്നുകയറിയ ശീഈ വിശ്വാസങ്ങളേയും, ആരാധനകളേയും, ആചാരങ്ങളേയും നിഷ്കാഷിതമാക്കാൻ നാവും പേനയും ചലിപ്പിക്കണം. അതിനു കഴിയി ല്ലെങ്കിൽ കരിന്തളം ഖനനവും, കല്ലുപ്പു നിരോധവും, നൂറണി ഫുട്ബോൾ ഗ്രൗണ്ടും, പ്ലാച്ചി മടയും മറ്റുമായി ജീവിക്കുന്നതു തന്നെയാണ് അവർക്കു നല്ലത്.